"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതിവകുപ്പ് - സാമൂഹ്യനീതിവകുപ്പിന്റെ കീഴിൽ ആലപ്പുഴ ജില്ലയിൽ കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ എന്ന സ്ഥാപനത്തിന്റെ കെട്ടിടത്തിൽ വനിതകൾക്കും കുട്ടികൾക്കുമുള്ള ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിനുള്ള അനുമതിനൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.2/2025/SJD തീയതി,തിരുവനന്തപുരം, 20-03-2025

---

പരാമർശം:-

1. 03.09.2022-ലെ സ.ഉ. (കൈ) നമ്പർ. 10/2022/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്
2. ക്രൈം നമ്പർ. 486/2022 കേസ്സിലെ പ്രതിയായ ബംഗ്ലാദേശ് സ്വദേശിയായ ശ്രീമതി. റുമാ ബെഗം ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ബെയിൽ ആപ്ലിക്കേഷൻ നമ്പർ. 10185/2022 കേസ്സിന്മേലുള്ള 22.12.2022-ലെ ഉത്തരവ്
3. സാമൂഹ്യനീതി ഡയറക്ടറുടെ 19.04.2023, 17.11.2023, 19.01.2024, 18.05.2024, 28.05.2024 തീയതികളിലെ എസ്.ജെ.ഡി/344/2023-സി.1 നമ്പർ. കത്തുകൾ
4. ക്രൈം നമ്പർ. 44/2024 കേസ്സിലെ പ്രതികളായ കെനിയൻ സ്വദേശിയായ ശ്രീമതി. ഇഗാഡ്വ മേഴ്സി അഡ്വബ, ശ്രീമതി. ഗവാരോ മാർഗററ്റ് സെബീന എന്നിവർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ബെയിൽ ആപ്ലിക്കേഷൻ നമ്പർ. 1852/2024 കേസിന്മേലുള്ള 27.03.2024 12.04.2024, 20.05.2024, എന്നീ തീയതികളിലെ ഇടക്കാല ഉത്തരവുകൾ .
5. 18.03.2025-ലെ ഇനം നമ്പർ 2775 സംസ്ഥാന മന്ത്രിസഭായോഗ തീരുമാനം

**<u>ഉത്തരവ്</u>**

അനധികൃതമായി രാജ്യത്തുപ്രവേശിക്കുന്ന വിദേശികളെയും, പാസ്സ്പോർട്ട്/ വീസാകാലാവധി തീർന്നശേഷവും അനധികൃതമായി രാജ്യത്തുതുടരുന്ന വിദേശികളെയും, ശിക്ഷാകാലാവധി കഴിഞ്ഞോ പരോളിലോ ജയിൽമോചിതരാകുന്നവരും, മറ്റുവിധത്തിൽ സംരക്ഷണം ആവശ്യപ്പെടുന്നവരുമായ വിദേശപൗരന്മാരെയും താത്കാലികമായി താമസിപ്പിക്കുന്നതിനായി സംസ്ഥാനത്ത് സാമൂഹ്യനീതിവകുപ്പിന്റെകീഴിൽ ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിന് അനുമതിനൽകിയും ട്രാൻസിറ്റ് ഹോം നടത്തിപ്പിനായുള്ള മാർഗരേഖ

അംഗീകരിച്ചും പരാമർശം 1-പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. നിലവിലെ ട്രാൻസിറ്റ് ഹോമിൽ വനിതകളെയും കുട്ടികളെയും പ്രത്യേക മേഖലതിരിച്ചോ പ്രത്യേകം കെട്ടിടത്തിൽ മതിയായ സുരക്ഷനൽകിയോ പാർപ്പിക്കുന്നതിനുള്ള സ്ഥലസൌകര്യമില്ലാത്തതിനാൽ പുരുഷന്മാർക്ക് മാത്രമാണ് പ്രവേശനം നൽകിവരുന്നത്. ക്രൈം നമ്പർ. 486/2022 കേസ്സിലെ പ്രതിയായ ബംഗ്ലാദേശ് സ്വദേശിയായ ശ്രീമതി. റുമാ ബെഗം ബഹു. കേരള ഹൈക്കോടതിയിൽ ഫയൽചെയ്ത ബെയിൽ അപ്ലീക്കേഷൻ നമ്പർ. 10185/2022 കേസ് പരിഗണിച്ച ബഹു. ഹൈക്കോടതി ടിയാളെ കൊട്ടിയത്തുള്ള ട്രാൻസിറ്റ് ഹോമിൽ പ്രവേശിപ്പിക്കണമെന്ന് പരാമർശം 2 പ്രകാരമുള്ള ഉത്തരവിൽ സർക്കാരിന് നിർദേശംനൽകിയിരുന്നു. എന്നാൽ, സ്ഥലപരിമിതിയാലും സെക്യൂരിറ്റി കാരണങ്ങളാലും അപേക്ഷകയെ അവിടെ പ്രവേശിപ്പിക്കാൻ കഴിഞ്ഞില്ല. കൂടാതെ, കെനിയൻ സ്വദേശിയായ ശ്രീമതി. ഇഗാഡുവ മേഴ്സി അഡുബ, ശ്രീമതി. ഗവാരോ മാർഗററ്റ് സെബീന എന്നിവർ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽചെയ്ത ബെയിൽ അപ്ലിക്കേഷൻ നമ്പർ. 1852/2024 കേസിലെ പരാമർശം 4 പ്രകാരമുള്ള ഇടക്കാല ഉത്തരവിൽ സ്ത്രീകൾക്കുള്ള ട്രാൻസിറ്റ് ഹോം തുടങ്ങാൻ സർക്കാരിന് നിർദേശംനൽകിയിരുന്നു. പരാമർശം 1-പ്രകാരം പുറപ്പെടുവിച്ച, സംസ്ഥാനത്തെ ട്രാൻസിറ്റ് ഹോമുകളുടെ നടത്തിപ്പിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ അദ്ധ്യായം 4-ൽ 4.5 ക്രമ നമ്പറായ നിർദ്ദേശത്തിൽ പുരുഷൻമാർക്കും, സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകം ട്രാൻസിറ്റ്ഹോമുകളും, ട്രാൻസിറ്റ് ഹോമുകളിൽ പ്രത്യേക സൗകര്യങ്ങളും ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

3. മേല്പറഞ്ഞ ബഹു.ഹൈക്കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വനിതകൾക്കും കുട്ടികൾക്കുമുള്ള ട്രാൻസിറ്റ് ഹോം സംസ്ഥാനത്ത് അടിയന്തരമായി ആരംഭിക്കേണ്ടതിനാൽ, സാമൂഹ്യനീതിവകുപ്പിനുകീഴിൽ ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന 'കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൺ' എന്ന സ്ഥാപനത്തിൽ നിലവിൽ കുട്ടികൾ ഇല്ലാത്തതിനാൽ, ടി കെട്ടിടത്തിൽ താൽക്കാലികമായി ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിനായുള്ള വിശദമായ പ്രപ്പോസൽ പരാമർശം 3-പ്രകാരം സാമൂഹ്യനീതി ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനധികൃതമായി രാജ്യത്ത് പ്രവേശിക്കുന്നതോ അല്ലെങ്കിൽ പാസ്സ്പോർട്ട് / വിസ കാലാവധി തീർന്നശേഷവും അനധികൃതമായി രാജ്യത്ത് തുടരുന്നതോ അല്ലെങ്കിൽ ശിക്ഷാകാലാവധി കഴിഞ്ഞോ പരോളിലോ ജയിൽ മോചിതരാകുന്നവരോ അല്ലെങ്കിൽ മറ്റുവിധത്തിൽ സംരക്ഷണം ആവശ്യപ്പെടുന്നവരോ ആയ വിദേശികളായ വനിതകളെയും കുട്ടികളെയും പാർപ്പിക്കുന്നതിനായി സാമൂഹ്യനീതിവകുപ്പിന് കീഴിലുള്ള ആലപ്പുഴ ജില്ലയിലെ കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ എന്ന സ്ഥാപനത്തിന്റെ കെട്ടിടത്തിൽ ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിനും , പ്രസ്തുത പദ്ധതിക്കായുള്ള ചെലവ്, താമസക്കാരുടെ എണ്ണമനുസരിച്ച് ആവർത്തന/അനാവർത്തന ചെലവുകൾ പരമാവധി കുറക്കേണ്ടതും ടെണ്ടർ നടപടികൾ പാലിച്ചും സ്റ്റോർ പർച്ചേസ് ചട്ടങ്ങളനുസരിച്ചും പർച്ചേസുകൾ നടത്തേണ്ടതുമാണ് എന്ന വ്യവസ്ഥയിൽ, 2235-01-800-99-34-പ്ലാൻ ശീർഷകത്തിൽനിന്ന് കണ്ടെത്തുന്നതിനും സാമൂഹ്യനീതി ഡയറക്ടർക്ക് ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിനായി താഴെപ്പറയും പ്രകാരം തസ്തികകൾ

അനുവദിക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം | യോഗ്യത | നിയമന വ്യവസ്ഥ |
|---|---|---|---|---|
| 1. | സെക്യൂരിറ്റി ചീഫ് (വനിത) | 1 | പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാതെയുള്ള ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയുടെ തസ്തികയ്ക്ക് തുല്യം | പോലീസ് വകുപ്പിൽ നിന്ന് അന്യത്രസേവനം |
| 2. | സെക്യൂരിറ്റി പേഴ്സണൽ (വനിത ) | 2 | പോലീസ് വകുപ്പിലെ വനിത സിവിൽ ഓഫീസർ തസ്തികയ്ക്ക് തുല്യം | പോലീസ് വകുപ്പിനിന്ന് ഡെപ്യൂട്ടേഷൻ മുഖേന. റിക്വയർമെന്റിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിൽനിന്ന് കൂടുതൽ ജീവനക്കാരെ ലഭ്യമാക്കാവുന്നതാണ്. |
| 3. | കെയർടേക്കർ ( വനിത) | 2 | അംഗീകൃതസർവ്വകലാശാലയിൽനിന്ന് ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം., ജി.എൻ.എം/എ.എൻ.എം യോഗ്യതയുള്ളവർക്ക് മുൻഗണന. | ദിവസവേതന വ്യവസ്ഥയിൽ |
| 4. | കുക്ക് | 2 | പത്താംതരം പാസായിരിക്കണം. കൂടാതെ,<br>ഐ.ടി.ഐ/ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തത്തുല്യ സർട്ടിഫിക്കറ്റും, പ്രവർത്തി പരിചയവും | ദിവസവേതന വ്യവസ്ഥയിൽ |
| | മൾട്ടി ടാസ്ക് (എ | | പത്താംതരം പാസായിരിക്ക | |

| | | | | |
|---|---|---|---|---|
| 5. | ം.റ്റി). വർക്കർ / കാഷ്വൽ സ്വീപ്പർ (വനിത) | 1 | ണം, പ്രവൃത്തിപരിചയം ആരോഗ്യക്ഷമത എന്നിവ ഉള്ള വരായിരിക്കണം | ദിവസവേതന വ്യവസ്ഥയിൽ |
| 6. | ഗേറ്റ് കീപ്പർ | 2 | 7-ാം ക്ലാസ്സ് പാസ്, എക്സ്-സർവ്വീസ്മെൻ-ന് മുൻഗണന | ദിവസവേതന വ്യവസ്ഥയിൽ |

6. 'On Call Services' (psychiatric counsellor, linguist, liaison officer) ആവശ്യകതയനുസരിച്ച് ഏർപ്പെടുത്താവുന്നതും, ഒരു സിറ്റിംഗിന് പരമാവധി 2,000/- രൂപനിരക്കിൽ അനുവദിക്കാവുന്നതുമാണ്. കരാർ/ദിവസവേതന ജീവനക്കാരുടെ കാര്യത്തിൽ 11.2.2021-ലെ ജി.ഒ(പി) 29/2021/ധന ഉത്തരവ് പ്രകാരം വേതനം നിശ്ചയിക്കാവുന്നതാണ്.

7. ട്രാൻസിറ്റ് ഹോമിന്റെ ഭരണനിർവ്വഹണച്ചുമതല, ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I-നും ടി സ്ഥാപനത്തിലെ ക്ലാർക്ക് തസ്തികയുടെ ചുമതല ബന്ധപ്പെട്ട ജില്ലാസാമൂഹ്യനീതി ഓഫീസിലെ ഒരു ക്ലാർക്കിനും നൽകേണ്ടതാണ്.

8. മേൽപ്രകാരം 2,4 എന്നിവയിലെ ബഹു. കോടതിയുടെ നിർദേശങ്ങൾ നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖക്കത്ത് സഹിതം)
അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആന്റ് സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ കാര്യാലയം, എറണാകുളം (ആമുഖക്കത്ത് സഹിതം)
ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആന്റ് സ്റ്റേറ്റ് പോലീസ് ചീഫ്, പോലീസ് ആസ്ഥാന കാര്യാലയം, പോലീസ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസ്, ജയിൽ ആസ്ഥാന കാര്യാലയം, ജയിൽ വകുപ്പ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം 2775)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ & ഇ), തിരുവനന്തപുരം
ആഭ്യന്തര (ജി) വകുപ്പ്
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 21-03-2025 12:58:09

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-03-2025

ഫയൽ നം. എ2/54/2023/എസ്.ജെ.ഡി. ഇനം നം: 2775

വിഷയം : സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് വനിതകൾക്കും കുട്ടികൾക്കുമായുള്ള ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

20.03.25

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽനമ്പർ | എ 2/54/2023/എസ്.ജെ.ഡി |
| 2. | വകുപ്പ് | സാമൂഹ്യനീതി (എ) വകുപ്പ് |
| 3. | വിഷയം | സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് വനിതകൾക്കും കുട്ടികൾക്കുമായുള്ള ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10.11.2024 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. സൺദേവ്. എൻ |
| 8. | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ഡോ. അദീല അബ്ദുള്ള |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 14.02.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04.03.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ. ആർ. ബിന്ദു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04.03.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 11.03.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. സാമൂഹ്യനീതിവകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. അനധികൃതമായി രാജ്യത്ത് പ്രവേശിക്കുന്ന വിദേശികളേയും, പാസ്സ്പോർട്ട്/ വിസ കാലാവധി തീർന്ന ശേഷവും അനധികൃതമായി രാജ്യത്ത് തുടരുന്ന വിദേശികളേയും, ശിക്ഷാകാലാവധി കഴിഞ്ഞോ പരോളിലോ ജയിൽ മോചിതരാകുന്നവരും മറ്റുവിധത്തിൽ സംരക്ഷണം ആവശ്യപ്പെടുന്നവരുമായ വിദേശ പൗരന്മാരെയും താത്കാലികമായി താമസിപ്പിക്കുന്നതിനായി സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിന് അനുമതി നൽകിയും ട്രാൻസിറ്റ് ഹോം സംബന്ധിച്ച് മാർഗരേഖ അംഗീകരിച്ചും 03.09.2022-ലെ സ.ഉ (കൈ) 10/2022/എസ്.ജെ.ഡി പ്രകാരം ഉത്തരവാകുകയുണ്ടായി. അതുപ്രകാരം കൊല്ലം ജില്ലയിലെ മയ്യനാട് പഞ്ചായത്തിൽ കൊട്ടിയത്ത് സാമൂഹ്യനീതിവകുപ്പിനുകീഴിൽ ട്രാൻസിറ്റ് ഹോം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

3. നിലവിലെ ട്രാൻസിറ്റ് ഹോമിൽ, വനിതകളെയും കുട്ടികളെയും പ്രത്യേക മേഖല തിരിച്ചോ പ്രത്യേകം കെട്ടിടത്തിൽ മതിയായ സുരക്ഷാ നൽകിയോ പാർപ്പിക്കുന്നതിനുള്ള സ്ഥലസൗകര്യമില്ലാത്തതിനാൽ പുരുഷന്മാർക്ക് മാത്രമാണ് പ്രവേശനം നൽകുന്നത്. കൊല്ലം ട്രാൻസിറ്റ് ഹോമിൽ പരമാവധി 20 പുരുഷന്മാരെ താമസിപ്പിക്കുന്നതിനുള്ള സൗകര്യം മാത്രമാണ് നിലവിലുള്ളത്. ക്രൈം നമ്പർ. 486/2022 കേസ്സിലെ പ്രതിയായ ബംഗ്ലാദേശ് സ്വദേശിയായ ശ്രീമതി. റുമാ ബെഗം ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ബെയിൽ അപ്ലിക്കേഷൻ നമ്പർ.

10185/2022 കേസ് പരിഗണിച്ച ബഹു. ഹൈക്കോടതി ടിയാളെ കൊട്ടിയത്തുള്ള ട്രാൻസിറ്റ് ഹോമിൽ പ്രവേശിപ്പിക്കണമെന്ന് 22.12.22-ലെ ഉത്തരവ് പ്രകാരം നിർദേശം നൽകിയിരുന്നു. എന്നാൽ സ്ഥലപരിമിതി മൂലവും സെക്യൂരിറ്റി കാരണങ്ങളാലും അപേക്ഷകയെ അവിടെ പ്രവേശിപ്പിക്കാൻ കഴിഞ്ഞില്ല. ട്രാൻസിറ്റ് ഹോമിന്റെ മാർഗ്ഗനിർദ്ദേശങ്ങളിലെ 4 (4.5) പ്രകാരം പുരുഷൻമാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക ട്രാൻസിറ്റ്ഹോമുകൾ/ ട്രാൻസിറ്റ് ഹോമുകളിൽ പ്രത്യേക സൗകര്യങ്ങൾ ഉണ്ടായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കെനിയൻ സ്വദേശികളായ ശ്രീമതി. ഇഗാദവ മേഴ്സി അഡ്ബ, ശ്രീമതി. ഗവാരോ മാർഗരറ്റ് സെബീന എന്നിവർ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ബെയിൽ അപ്ലിക്കേഷൻ നമ്പർ. 1852/2024 കേസിലെ 20.05.2024-ലെ ഇടക്കാലവിധിയിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

"2. The Joint Secretary, Social Justice Department, Thiruvananthapuram, has filed a statement dated 24.04.2024, inter-alia, stating that the Government of Kerala is taking emergent steps to set up a transit home/detention centre in the State for accommodating women foreign nationals who have been enlarged on bail after policy custody/jail. Therefore, this Court may be pleased to grant a further period of two months from May, 2024 for complying with the directions contained in the order dated 12.04.2024.

3. On the contrary, the Central Government Counsel has filed a statement dated 12.04.2024, stating that since there is no facility for the women in the detention centre/transit homes, the second respondent is unable to comply with condition No. (iii) in the order dated 27.03.2024. Hence, the first respondent may be directed to

take steps to facilitate the stay of women inmates in the detention centres/transit homes."

"6. After analysing the rival statements of the above said parties, I find that the respondents are trying to pass the buck and shirk away their responsibilities to establish a detention centre/transit home for women, which is imperative as per the provisions of the Foreigners Act, 1948 and other enactments that are in vogue. It is the primary responsibility of the State to ensure that a detention centre/transit home for women is established, at the earliest, as directed by this Court on numerous occasions.

7. Taking into account the peculiar facts and circumstances of the case and that the petitioners have admittedly no valid visa, and the observation in the order dated 12.04.2024 passed by this Court, I am of the view that the petitioners have detained at the Sakhi One Stop Centre itself, until the Government starts a detention centre/transit home for women. In the meantime, the Investigating Officer in Crime No.44/2024 of the Panangad Police Station, Ernakulam, is directed to expedite the investigation and file his final report before the jurisdictional court."

4. മേൽ ഇടക്കാലവിധിയുടെ അടിസ്ഥാനത്തിൽ വനിതകൾക്കും കുട്ടികൾക്കുമുള്ള ട്രാൻസിറ്റ് ഹോം സ്ഥാപിക്കുന്നതിനായി 2024 ജൂലൈ വരെ ബഹു.കോടതി സമയം അനുവദിച്ചിരുന്നു. വിദേശ പൗരന്മാർ ഫയൽ ചെയ്തിട്ടുള്ള വിവിധ കേസുകളിലെ ബഹു. കോടതി നിർദേശങ്ങൾ പ്രകാരം വനിതകൾക്കും കുട്ടികൾക്കുമുള്ള ട്രാൻസിറ്റ് ഹോം അടിയന്തരമായി സംസ്ഥാനത്ത് ആരംഭിക്കേണ്ടതുണ്ട്.

5. വനിതകൾക്കും കുട്ടികൾക്കുമുള്ള ട്രാൻസിറ്റ് ഹോം സംസ്ഥാനത്ത് ആരംഭിക്കുന്നതിന് 1,70,83,603/- രൂപയുടെ പ്രൊപ്പോസൽ സാമൂഹ്യനീതി ഡയറക്ടർ

സമർപ്പിക്കുകയുണ്ടായി. ഡയറക്ടർ സമർപ്പിച്ച പ്രപ്പോസലിന്മേൽ ധനകാര്യ വകുപ്പ് ചുവടെപറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി :

*"വനിതകളും കുട്ടികളും ഉൾപ്പെടെ ആകെ 30 പേരെ പാർപ്പിക്കുമ്പോൾ ഉണ്ടാകുന്ന ചെലവിന്റെ അടിസ്ഥാനത്തിലാണ് സ്ത്രീകൾക്കും കുട്ടികൾക്കും ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിനുള്ള തസ്തികകളും അടിസ്ഥാന സൗകര്യങ്ങളും ആകെ പദ്ധതിച്ചെലവും കണക്കാക്കിയിരിക്കുന്നത്. നിലവിൽ എത്ര പേരെ താമസിപ്പിക്കേണ്ടതുണ്ട് എന്ന വിവരം വ്യക്തമല്ല (5 പേർ മാത്രമേ എന്നാണ് അനൗദ്യോഗികമായി അറിഞ്ഞത്). വലിയ ആവർത്തനചെലവ് വരുന്ന പദ്ധതിയായതിനാൽ തൽക്കാലം ഏറ്റവും അത്യാവശ്യം വേണ്ട തസ്തികകളും മറ്റ് സൗകര്യങ്ങളും ഒരുക്കിയാൽ മതിയാകുന്നതാണ്. പുതിയതായി ആവശ്യപ്പെട്ടിരിക്കുന്ന ഹോം മാനേജർ, ക്ലാർക്ക് എന്നീ തസ്തികകൾ സാമൂഹികനീതി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അധിക ചുമതല നല്കി ഭരണ നിർവ്വഹണം നടത്താവുന്നതാണ്. കൂടാതെ സുരക്ഷാ ഉദ്യോഗസ്ഥർ, കെയർടേക്കർ, കുക്ക് എന്നിവരുടെ എണ്ണത്തിലും കുറവ് വരുത്താവുന്നതാണ്. 17.33 ലക്ഷം രൂപയാണ് കണ്ടിജൻസി ചെലവുകൾക്കായി നീക്കി വച്ചിരിക്കുന്നത്. കൂടാതെ പ്രതിമാസം 30,000 രൂപ നിരക്കിൽ ഒരു വാഹനവും ശിപാർശ ചെയ്തിട്ടുണ്ട്. ഈ ചെലവുകളുടെ ആവശ്യകത സംബന്ധിച്ച് വ്യക്തത ആവശ്യമുണ്ട്. നിലവിലെ ആവശ്യത്തിന് ആനുപാതികമായി കെട്ടിട വാടക ഒഴികെയുള്ള റിക്കറിങ് എക്സ്പെന്റിച്ചർ, നോൺ-റിക്കറിങ് എക്സ്പെന്റിച്ചർ എന്നിവ റിവർക്ക് ചെയ്യുകയാണെങ്കിൽ പദ്ധതി ചെലവിൽ വലിയ കുറവുണ്ടാകുന്നതാണ്. ട്രാൻസിറ്റ് ഹോമിലെ താമസക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നമുറയ്ക്ക് ടി വർദ്ധനവ് പ്രകാരമുള്ള പുതുക്കിയ പ്രൊപ്പോസൽ പരിഗണിക്കുന്നതാണ്. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് പുതുക്കിയ ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് വിശദമായി പരിശോധിക്കുന്നതാണെന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു."*

6\. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ താഴെപ്പറയുംപ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു :

എ) സൃഷ്ടിക്കേണ്ട തസ്തികകളുടെ വിശദാംശം

| ക്രമ നമ്പർ | തസ്തിക യുടെ പേര് | തസ്തി കകളു ടെ എണ്ണം | യോഗ്യത | നിയമന വ്യവസ്ഥ | അഭിപ്രായം / റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഹോം മാനേജർ (വനിത) | 1 | സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-1 തസ്തികയ്ക്ക് തുല്യം | നേരിട്ടുള്ള നിയമനം/ ഡെപ്യൂട്ടേഷൻ മുഖേന | പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-1 തസ്തിക വകുപ്പിലെ തന്നെ തസ്തിക ആയതിനാലും വകുപ്പിൽ നിന്നും തന്നെ നിയമനം നടത്തുന്നത് മൂലം അധിക സാമ്പത്തിക ബാധ്യത ഒന്നും വരില്ല എന്നതിനാലും നടപടിക്രമങ്ങൾ ലഘൂകരിക്കാനും സമയ ലാഭത്തിനായും |

| | | | | | |
|---|---|---|---|---|---|
| | | | | | വകുപ്പിൽ നിന്നും തന്നെ നിയമനം നടത്തുന്നതാവും ഉചിതം |
| 2 | സെക്യൂരിറ്റി ചീഫ് (വനിത) | 1 | പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാതെയുള്ള ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയുടെ തസ്തികയ്ക്ക് തുല്യം | ഡെപ്യൂട്ടേഷൻ മുഖേന | |
| 3 | സെക്യൂരിറ്റി പേഴ്സണൽ (വനിത) | 3 | പോലീസ് വകുപ്പിലെ വനിത സിവിൽ പൊലീസ് ഓഫീസർ റാങ്കിനു തസ്തികയ്ക്ക് തുല്യം | ഡെപ്യൂട്ടേഷൻ മുഖേന | സുരക്ഷയുമായി ബന്ധപ്പെട്ട് കൂടുതൽ ഉദ്യോഗസ്ഥരെ ആവശ്യമായി വരുമ്പോൾ പോലീസ് വകുപ്പിൽ നിന്നും റിക്വയർമെന്റിന്റെ അടിസ്ഥാനത്തിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | കൂടുതൽ ജീവനക്കാരെ ലഭ്യമാക്കാവുന്നതാണ്. |
| 4 | ക്ലാർക്ക് | 1 | സാമൂഹ്യനീതി വകുപ്പിലെ ക്ലാർക്ക് തസ്തികയ്ക്ക് തുല്യം | ഡെപ്യൂട്ടേഷൻ മുഖേന/നേരിട്ടുള്ള നിയമനം) | |
| 5 | കെയർടേക്കർ (വനിത) | 2 | ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം, ജി .എൻ.എം/ എ.എൻ.എം യോഗ്യതയുള്ളവർക്ക് മുൻഗണന നൽകാം | കരാർ വ്യവസ്ഥയിൽ നിയമനം | |
| 6 | കുക്ക് | 2 | പത്താം തരം പാസായിരിക്കണം കൂടാതെ ഐ.ടി. ഐ/ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്/ | ദിവസ വേതന വ്യവസ്ഥയിൽ നിയമനം | |

| | | | | | |
|---|---|---|---|---|---|
| | | | തത്തുല്യ സർട്ടിഫിക്കറ്റും പ്രവർത്തിപരിചയവും | | |
| 7 | മൾട്ടി ടാസ്ക് (എം.റ്റി). വർക്കർ / കാഷ്വൽ സ്വീപ്പർ (വനിത) | 1 | പത്താം തരം പാസായിരിക്കണം. പ്രവർത്തി പരിചയം ആരോഗ്യക്ഷമത എന്നിവ ഉള്ളവരായിരിക്കണം | ദിവസ വേതന വ്യവസ്ഥയിൽ നിയമനം | |
| 8 | ഗേറ്റ് കീപ്പർ | 2 | 7-ാം ക്ലാസ്സ് പാസ്സ്, എക്സ്-സർവ്വീസ് മെൻ-ന് മുൻഗണന നൽകാം | കരാർ വ്യവസ്ഥയിൽ നിയമനം | |
| 9 | On Call Services (Psychiatric Counselor, Linguist, Liaison Officer) | ആവശ്യകതയനുസരിച്ച് ടി സേവനങ്ങൾ ഏർപ്പെടുത്താവുന്നതും, ഒരു സിറ്റിംഗിന് പരമാവധി 2,000/- രൂപ നിരക്കിൽ അനുവദിക്കാവുന്നതുമാണ്. | | | |

| | | |
|---|---|---|
| | | |

ബി) ആവർത്തിച്ചുള്ള ചെലവുകൾ (ശമ്പളം/കൂലി/ഹോണറേറിയം ഇനത്തിൽ)

| ക്രമ നമ്പർ | തസ്തികയുടെ പേര് | നിയമന വ്യവസ്ഥ | ഫണ്ട് (പ്ലാൻ/ നോൺ പ്ലാൻ) | തസ്തികകളുടെ എണ്ണം | ആകെ വാർഷിക ചെലവ് |
|---|---|---|---|---|---|
| 1 | ഹോം മാനേജർ (വനിത) | നേരിട്ടുള്ള നിയമനം / ഡെപ്യൂട്ടേഷൻ മുഖേന | നോൺ പ്ലാൻ | 1 | 75,984 x 12 = 9,11,808/- |
| 2 | സെക്യൂരിറ്റി ചീഫ് (വനിത) | ഡെപ്യൂട്ടേഷൻ മുഖേന | നോൺ പ്ലാൻ | 1 | 87276 x 12 = 10,47,312/- |
| 3 | സെക്യൂരിറ്റി പേഴ്സണൽ (വനിത) | ഡെപ്യൂട്ടേഷൻ മുഖേന | നോൺ പ്ലാൻ | 3 | 48,143 x 12 x 3 = 17,33,148/- |
| 4 | ക്ലാർക്ക് | നേരിട്ടുള്ള നിയമനം | നോൺ പ്ലാൻ | 1 | 31,000 x 12 = 3,72,000/- |
| 5 | കെയർടേക്കർ (വനിത) | കരാർ വ്യവസ്ഥയിൽ | പ്ലാൻ | 2 | 18,390 x 12 x 2 = 4,41,360/- |
| 6 | കുക്ക് | ദിവസ വേതന വ്യവസ്ഥയിൽ | പ്ലാൻ | 2 | 675 x 31 x 12 x 2 = 5,02,200/- |
| 7 | മൾട്ടി ടാസ്ക് (എം.റ്റി). | ദിവസ വേതന വ്യവസ്ഥയിൽ | പ്ലാൻ | 2 | 675 x 31 x 12 x 2 = 5,02,200/- |

| | | | | | |
|---|---|---|---|---|---|
| | വർക്കർ / കാഷ്വൽ സ്വീപ്പർ(വനിത) | | | | |
| 8 | ഗേറ്റ് കീപ്പർ | കരാർ വ്യവസ്ഥയിൽ നിയമനം | പ്ലാൻ | 2 | 18390 x 12 x 2 = 4,41,360/- |
| 9 | On Call Services (Psychiatric Counselor, Linguist, Liaison Officer) | On Call Services | പ്ലാൻ | | 1,00,000/- |
| | **ആകെ തുക** | | | | **60,51,388/- രൂപ** |

സി) ആവർത്തിച്ചുള്ള ചെലവുകൾ (ശമ്പളം/കൂലി/ഹോണറേറിയം ഒഴികെ)

| ക്രമ നമ്പർ | ഘടകങ്ങൾ | ചെലവ് വിവരണം | മൊത്തം വാർഷിക ചെലവ് തുക |
|---|---|---|---|
| 1 | വൈദ്യുതി, വെള്ളം | വൈദ്യുതി - 20,000 x 12 = 2,40,000/- വെള്ളം - | 3,60,000/- |

| | | | |
|---|---|---|---|
| | | 10,000 x 12 = 1,20,000/- | |
| 2 | ഭക്ഷണം (Continental food) | 200 x 10 x 12 x 30 | 7,20,000/- |
| 3 | വൈദ്യ സഹായം | 1,000 x 10 x 12 | 1,20,000/- |
| 4 | വസ്ത്രം | 4,000 x 10 | 40,000/- |
| 5 | റിക്രീയേഷൻ, പത്രം, ബുക്സ് | 3,000 x 12 | 36,000/- |
| 6 | പാചക വാതകം | 8,000 x 12 | 96,000/- |
| 7 | ഫോൺ, ഇന്റർനെറ്റ് | 4000 x 12 | 48,000/- |
| 8 | വാഹനം (On Call Service) | 1,000 x12 | 12,000/- |
| **ആകെ തുക** | | | **14,32,000/-** |

ഡി) അനാവർത്തന ചെലവുകൾ

| ക്രമ നമ്പർ | ഘടകങ്ങൾ | ചെലവ് വിവരണം | ആകെ വാർഷിക ചെലവ് |
|---|---|---|---|
| 1 | Cot, Mattresses, Steel shelves, Table etc | 25,000 x 10 | 2,50,000/- |
| 2 | Furniture and Kitchen Utensils | 5,00,000/- | 5,00,000/- |
| 3 | Electronic Gadgets (TV, Fridge, Washing Machine, etc) | 2,00,000/- | 2,00,000/- |
| 4 | Computer and | 1,00,000/- | 1,00,000/- |

| | | | |
|---|---|---|---|
| | accessories | | |
| 5 | CCTV Surveillance | 7,50,000/- | 7,50,000/- |
| 6 | Fire extinguisher, inverter, search light etc | 6,70,000/- | 6,70,000/- |
| 7 | Barbed Wire Fencing | 10,50,000/- | 10,50,000/- |
| 8 | Building Maintenance and Infrastructure | 20,00,000/- | 20,00,000/- |
| **ആകെ തുക** | | | **55,20,000/-** |

ഇ) ആകെ ചെലവ് തുക (ആകസ്മിക ചെലവ് ഇനത്തിൽ 10% തുകയായ 6,72,000/- രൂപ ഉൾപ്പെടെ

| **മൊത്തം വാർഷിക ചെലവ് തുക** |
|---|
| **60,51,388 + 14,32,000 + 55,20,000 + 6,72,000 = 1,36,75,388/- രൂപ** |

7. ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ധനകാര്യവകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു :

"The proposal includes creation of new posts and there is little scope to start the project in the current f/y. Hence, the AD is requested to resubmit the proposal in the next fiscal with details of availability of fund."

8. ഫയൽ വീണ്ടും ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന് അയക്കുകയും ടി വകുപ്പ് താഴെപറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു

"It is requested to re submit the proposal after three months. This has the approval of Hon'ble Minister [Fin]

9. ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 04.07.2024-ന് ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന 'കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൺ' എന്ന സ്ഥാപനത്തിൽ നിലവിൽ കുട്ടികളില്ലാത്ത സാഹചര്യത്തിലും വനിതാ ട്രാൻസിറ്റ് ഹോം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി ആരംഭിക്കേണ്ടതിനാലും പ്രസ്തുത കെട്ടിടത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ട്രാൻസിറ്റ് ഹോം ആരംഭിക്കാവുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.

10. ഈ വിഷയം ബഹു. മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

11. ബഹു. മന്ത്രിസഭ ഈ വിഷയം 18/12/2024-ൽ ചേർന്ന യോഗത്തിൽ പരിഗണിക്കുകയും, ചുവടെ പറയും പ്രകാരം നിർദ്ദേശിക്കുകയും ചെയ്തു.

"കുറിപ്പിലെ നിർദ്ദേശങ്ങൾ പരിഗണിച്ചു. ഇക്കാര്യം ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കേണ്ടതാണ്. "

12. ആയതിൻപ്രകാരം ധനകാര്യവകുപ്പിന്റെ അഭിപ്രായം വീണ്ടും ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"പാസ്പോർട്ട്/വിസ തീർന്ന ശേഷവും അനധികൃതമായി രാജ്യത്ത് തുടരുന്നവരും, ശിക്ഷാകാലാവധി കഴിഞ്ഞോ, പരോളിലോ ജയിൽ മോചിതരാകുന്നവരും, മറ്റു വിധത്തിൽ സംരക്ഷണം ആവശ്യപ്പെടുന്നവരുമായ വിദേശിയരായ സ്ത്രീകൾക്കും കുട്ടികൾക്കും ട്രാൻസിറ്റ് ഹോമിൽ സംരക്ഷണം ഉറപ്പാക്കണമെന്ന് ബഹു. കേരള ഹൈക്കോടതി അറിയിച്ചിട്ടുള്ളതിന്റെയും ഇക്കാര്യത്തിൽ . ധനവകുപ്പുമായി കൂടിയോലോചിച്ച് പുതുക്കിയ കുറിപ്പുകൾ സമർപ്പിക്കുവാൻ ബഹു. മന്ത്രിസഭായോഗം നിർദ്ദേശിച്ചിട്ടുള്ളതിന്റെയും

അടിസ്ഥാനത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ കാണുന്ന വിവരങ്ങൾ ഭരണവകുപ്പിനെ അറിയിക്കുന്നു.

10 പേരെ താമസിപ്പിക്കുന്നതിന് സൗകര്യമുള്ള ഹോം ആരംഭിക്കുന്നതിനുള്ള ശിപാർശയാണ് ലഭ്യമായിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ആവർത്തന/അനാവർത്തന ചെലവുകൾക്കായി 2235-01-800-99 ശീർഷകത്തിൽ 1,24,31,490/- രൂപ കൂടി അധികമായി വകയിരുത്തേണ്ടതുണ്ട്. എന്നാൽ നിലവിൽ 5 പേർ ട്രാൻസിറ്റ് ഹോമിൽ താമസക്കാരായി ഉണ്ടാവും എന്നാണ് അനൗദ്യോഗികമായി അറിയാൻ കഴിഞ്ഞത്. ആയതിനാൽ, താമസക്കാരുടെ എണ്ണമനുസരിച്ച് ആവർത്തന/അനാവർത്തന ചെലവുകൾ പരമാവധി കുറക്കേണ്ടതും ടെണ്ടർ നടപടികൾ പാലിച്ചും സ്റ്റോർ പർച്ചേസ് ചട്ടങ്ങളനുസരിച്ചും പർച്ചേസുകൾ നടത്തേണ്ടതും ഉണ്ട്. ഇതിന് പുറമേ ചുവടെ സൂചിപ്പിച്ചിരിക്കും വിധം തസ്തികകൾ അനുവദിച്ച നിയമനം നടത്താവുന്നതും കരാർ/ദിവസ വേതന ജീവനക്കാരുടെ കാര്യത്തിൽ 11.02.2021-ലെ G.O(P) 29/2021/Fin പ്രകാരം വേതനം നിശ്ചയിക്കാവുന്നതും ആണ്.. ഇപ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചതിന് ശേഷം ഫണ്ട് അനുവദിക്കുന്നതിനായി ശിപാർശ ലഭ്യമാക്കേണ്ടതാണ്. "

തസ്തികകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അഭിപ്രായം

| **ക്രമ നം.** | **തസ്തികയുടെ പേര്** | **തസ്തികകളുടെ എണ്ണം** | **യോഗ്യത** | **ശിപാർശ ചെയ്ത നിയമന വ്യവസ്ഥ** | **ധനവകുപ്പിന്റെ അഭിപ്രായം** |
|---|---|---|---|---|---|
| 1 | ഹോം മാനേജർ | | | | 5 താമസക്കാരെ |

| | | | | | |
|---|---|---|---|---|---|
| | (വനിത) | | | | മാത്രം പ്രതീക്ഷിക്കുന്ന തിനാൽ പ്രത്യേകം ഹോം മാനേജർ തസ്തിക അനുവദിക്കേ ണ്ടതില്ല. സമാന തസ്തികയിലുള്ള മറ്റൊരു ഓഫീസർക്ക് അധിക ചുമതല നൽകാവുന്ന താണ് |
| 2 | സെക്യൂരിറ്റി ചീഫ് (വനിത) | 1 | പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാതെ യുള്ള ഒരു വനിതാ | ഡെപ്യൂട്ടേഷൻ മുഖേന | ശിപാർശ അംഗീകരിക്കു ന്നു |

| | | | | | |
|---|---|---|---|---|---|
| | | | പോലീസ് ഉദ്യോഗസ്ഥ യുടെ തസ്തികയ്ക്ക് തുല്യം | | |
| 3 | സെക്യൂരിറ്റി പേഴ്സണൽ (വനിത) | 3 | പോലീസ് വകുപ്പിലെ വനിത സിവിൽ ഓഫീസർ റാങ്കിനു തസ്തികയി ക്ക് തുല്യം | ഡെപ്യൂട്ടേഷൻ മുഖേന | 2 തസ്തികകൾ അനുവദിക്കാവു ന്നതാണ്. റിക്വയർമെന്റി ന്റെ അടിസ്ഥാന ത്തിൽ പോലീസ് വകുപ്പിൽ നിന്നും കൂടുതൽ ജീവനക്കാരെ ലഭ്യമാക്കാവുന്ന താണ്. |
| 4 | ക്ലാർക്ക് | 1 | | | നിലവിൽ അനുവദിക്കേ ണ്ടതില്ല |
| 5 | കെയർടേക്കർ (വനിത) | 2 | ഏതെങ്കിലും വിഷയത്തി ലുള്ള | കരാർ നിയമനം | ദിവസവേതനാ ടിസ്ഥാനത്തി ൽ 2 പേരെ |

| | | | | | |
|---|---|---|---|---|---|
| | | | ബിരുദം ജി .എൻ.എം/ എ.എൻ.എം യോഗ്യതയുള്ളവർക്ക് മുൻഗണന നൽകാം | | അനുവദിക്കാവുന്നതാണ് |
| 6 | കുക്ക് | 2 | പത്താതരം പാസായിരിക്കണം, കൂടാതെ ഐ.ടി. ഐ/ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തത്തുല്യ സർട്ടിഫിക്കറ്റും, പ്രവർത്തി പരിചയവും | ദിവസ വേതനം | ശിപാർശ അംഗീകരിക്കുന്നു |
| 7 | മൾട്ടി ടാസ്ക്/ (എം.റ്റി), വർക്കർ/കാഷ | 1 | പത്താം തരം പാസായിരി | ദിവസ വേതനം | ശിപാർശ അംഗീകരിക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | ൽ സ്വീപ്പർ (വനിത) | | ക്കണം, പ്രവർത്തി പരിചയം ആരോഗ്യ ക്ഷമതാ എന്നിവ ഉള്ളവരായി രിക്കണം | | |
| 8 | ഗേറ്റ് കീപ്പർ | 2 | 7–ാം ക്ലാസ്സ് പാസ്, എക്സ്-സർവ്വീസ്സ്മെൻ-ന് മുൻഗണന നൽകാം | കരാർ നിയമനം | ദിവസവേതനാടിസ്ഥാനത്തിൽ 2 പേരെ അനുവദിക്കാവുന്നതാണ് |
| 9 | On Call Services ( Psychiatric Counselor, Linguist, Liaison Officer) | | | | ആവശ്യകതയനുസരിച്ച് ടി സേവനങ്ങൾ ഏർപ്പെടുത്താവുന്നതും, ഒരു സിറ്റിംഗിന് പരമാവധി 2,000/- രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | | നിരക്കിൽ അനുവദിക്കാവുന്നതുമാണ്. |

13. മേൽ പ്രകാരം തസ്തികകൾ സൃഷ്ടിക്കുമ്പോൾ ഒരു വർഷത്തേയ്ക്ക് മൊത്തം **45,16,480/-** രൂപ ചെലവ് വരുന്നതാണ്.

## തീരുമാനിക്കേണ്ട വിഷയം

1. അനധികൃതമായി രാജ്യത്ത് പ്രവേശിക്കുന്നതോ അല്ലെങ്കിൽ പാസ്സ്പോർട്ട് / വിസ കാലാവധി തീർന്ന ശേഷവും അനധികൃതമായി രാജ്യത്ത് തുടരുന്നതോ അല്ലെങ്കിൽ ശിക്ഷാകാലാവധി കഴിഞ്ഞോ പരോളിലോ ജയിൽ മോചിതരാകുന്നവരോ അല്ലെങ്കിൽ മറ്റുവിധത്തിൽ സംരക്ഷണം ആവശ്യപ്പെടുന്നവരോ ആയ വിദേശികളായ വനിതകളെയും കുട്ടികളെയും പാർപ്പിക്കുന്നതിനായി ആലപ്പുഴ ജില്ലയിൽ കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ എന്ന സ്ഥാപനത്തിന്റെ കെട്ടിടത്തിൽ ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിന് അനുമതി നൽകാവുന്നതാണോ? താമസക്കാരുടെ എണ്ണമനുസരിച്ച് ആവർത്തന/അനാവർത്തന ചെലവുകൾ പരമാവധി കുറക്കേണ്ടതും ടെണ്ടർ നടപടികൾ പാലിച്ചും സ്റ്റോർ പർച്ചേസ് ചട്ടങ്ങളനുസരിച്ചും പർച്ചേസുകൾ നടത്തേണ്ടതുമാണ് എന്ന വ്യവസ്ഥയിൽ പ്രസ്തുത പദ്ധതിക്കായുള്ള ചെലവ് 2235-01-800-99-34-പ്ലാൻ ശീർഷകത്തിൽ കണ്ടെത്തുന്നതിന് അനുമതി നൽകാവുന്നതാണോ ?

2. പ്രസ്തുത പദ്ധതിക്കായി ചുവടെ ചേർക്കുംപ്രകാരം തസ്തികകൾ സൃഷ്ടിക്കാമോ?

| ക്രമ നമ്പർ | സൃഷ്ടിക്കേണ്ട തസ്തികയുടെ പേര് | എണ്ണം | യോഗ്യത | നിയമന വ്യവസ്ഥ |
|---|---|---|---|---|
| 1. | സെക്യൂരിറ്റി ചീഫ് (വനിത) | 1 | പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാതെയുള്ള ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയുടെ തസ്തികയ്ക്ക് തുല്യം | പോലീസ് വകുപ്പിൽ നിന്നും അന്യത്രസേവനം |
| 2. | സെക്യൂരിറ്റി പേഴ്സണൽ (വനിത) | 2 | പോലീസ് വകുപ്പിലെ വനിത സിവിൽ ഓഫീസർ റാങ്കിനു തസ്തികയ്ക്ക് തുല്യം | പോലീസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ മുഖേന. റിക്വയർമെന്റിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിൽ നിന്നും കൂടുതൽ ജീവനക്കാരെ ലഭ്യമാക്കാവുന്നതാണ്. |
| 3. | കെയർടേക്കർ (വനിത) | 2 | അംഗീകൃതസർവ്വകലാ ശാലയിൽ നിന്നും | ദിവസ വേതന വ്യവസ്ഥയിൽ |

| | | | | |
|---|---|---|---|---|
| | | | ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം., ജി.എൻ.എം/എ.എൻ.എം യോഗ്യതയുള്ളവർക്ക് മുൻഗണന | |
| 4. | കുക്ക് | 2 | പത്താതരം പാസായിരിക്കണം, കൂടാതെ ഐ.ടി.ഐ/ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തത്തുല്യ സർട്ടിഫിക്കറ്റും, പ്രവർത്തി പരിചയവും | ദിവസ വേതന വ്യവസ്ഥയിൽ |
| 5. | മൾട്ടി ടാസ്ക് (എം.റ്റി). വർക്കർ / കാഷ്വൽ സ്വീപ്പർ (വനിത) | 1 | പത്താം തരം പാസായിരിക്കണം, പ്രവർത്തി പരിചയം ആരോഗ്യക്ഷമതാ എന്നിവ ഉള്ളവരായിരിക്കണം | ദിവസ വേതന വ്യവസ്ഥയിൽ |
| 6. | ഗേറ്റ് കീപ്പർ | 2 | 7-ാം ക്ലാസ്സ് പാസ്, എക്സ്-സർവ്വീസ്മെൻ-ന് മുൻഗണന | ദിവസ വേതന വ്യവസ്ഥയിൽ |

3. 'On Call Services' (psychiatric counsellor,linguist,liaison officer) ആവശ്യകതയനുസരിച്ച് ഏർപ്പെടുത്താവുന്നതും, ഒരു സിറ്റിംഗിന് പരമാവധി 2,000/- രൂപ നിരക്കിൽ അനുവദിക്കാവുന്നതുമാണോ?

4. ട്രാൻസിറ്റ് ഹോമിന്റെ ഭരണനിർവ്വഹണച്ചുമതല, ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I-നും ടി സ്ഥാപനത്തിലെ ക്ലാർക്ക് തസ്തികയുടെ ചുമതല ബന്ധപ്പെട്ട ജില്ലാസാമൂഹ്യനീതി ഓഫീസിലെ ഒരു ക്ലർക്കിനും നല്കാവുന്നതാണോ?